PROCEEDINGS OF
THE KERALA LEGISLATIVE ASSEMBLY

First Session—1964

Thursday, the 5th March 1964.

Vol. XVIII] OFFICIAL REPORT [No. 19

The Assembly met in the Assembly Chamber, Trivandrum, at Eight of the Clock on Thursday, the 5th March 1964, with Mr. Speaker in the Chair.

QUESTIONS AND ANSWERS

(The number within brackets indicates the number in the list of admitted questions for the day.)

ORAL ANSWERS

പുതിയ റോഡുകളുടെ പണി

* 536. [1] ശ്രീ. സി. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1957—59 കാലഘട്ടത്തിൽ സംസ്ഥാനത്തൊട്ടാകെ എത്ര പുതിയ റോഡുകളുടെ പണി ആരംഭിച്ചു ;

(ബി) അതിൽ ഇതുവരെയായി എത്ര റോഡുകളുടെ പണി പൂർത്തിയാക്കി ;

(സി) പണി ആരംഭിച്ചു പൂർത്തിയാക്കാൻ കഴിയാതിരിക്കുന്ന റോഡുകളുടെ കാര്യത്തെപ്പറ്റി ഗവണ്മെന്റു് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ ;

(ഡി) ചിറയിൻകീഴു് താലൂക്കിൽ കിളിമാനൂർ—അടയമൺ—ചിങ്ങോലി റോഡിന്റെ പണി എന്നാണു് ആരംഭിച്ചതു് ;

(ഈ) പ്രസ്തുത റോഡിന്റെ പണി കഴിയുന്നതുംവേഗം പൂർത്തിയാക്കി യാത്രാസൗകര്യമുണ്ടാക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. പി. പി. ഉമ്മർകോയ) :

(എ) പ്രസ്തുത കാലഘട്ടത്തിൽ 153 റോഡുകളുടെ പണി ആരംഭിച്ചു.

(ബി) അതിൽ ഇതുവരെയായി 119 റോഡുകളുടെ പണി പൂർത്തിയായിട്ടുണ്ട്.

(സി) ഈ കാര്യം ഡിപ്പാർട്ടുമെന്റ് ശ്രദ്ധിക്കുന്നുണ്ട്.

(ഡി) 15-12-1954-ൽ.

(ഈ) പ്രസ്തുത റോഡിന്റെ പണി പൂർത്തിയാക്കിക്കഴിഞ്ഞു.

മി. സ്പീക്കർ : ചോദ്യം 16-ന്റെ ഉത്തരംകൂടി പറയേണ്ടതാണ്.

റോഡുകളുടെ പണി

* 537. [16] ശ്രീ. വയലാ ഇടിക്കുള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1963-64-ൽ (1964 ജനുവരി അവസാനം വരെ) കേരള സംസ്ഥാനത്ത് എത്ര മൈൽ റോഡ് ഗവണ്മെന്റ് പുതുതായി എടുത്ത് വേല നടത്തിയിട്ടുണ്ട് ; എവിടെയെല്ലാം എന്ന ഒരു ലിസ്റ്റ് മേശപ്പുറത്തു വയ്ക്കാൻ ദയവുണ്ടാകുമോ ;

(ബി) പ്രസ്തുത ജോലികൾക്ക് എത്രലക്ഷം രൂപ ചെലവായി ;

(സി) റാന്നി വൈക്കം—വടശേരിക്കര റോഡ് ഈ വർഷമെങ്കിലും മെറ്റലിട്ട് ഗതാഗതയോഗ്യമാക്കുന്നതിന് ദയവുണ്ടാകുമോ ;

(ഡി) റാന്നി ഒഴവൻപാറ—പേമരുതി ഭാ—അത്തിക്കയം റോഡിന്റെ പണി ഗവണ്മെന്റിൽ നിന്നും ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ടോ ;

(ഈ) റാന്നി മന്ദമരുതി-നാറാണംമൂഴി റോഡ് ഗവണ്മെന്റിൽനിന്നും ഏറ്റെടുത്ത് പണി പൂർത്തിയാക്കുമോ ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. പി. പി. ഉമ്മർകോയ) ;

(എ) 1963-64-ൽ (1964ജനുവരി അവസാനംവരെ) പുതുതായി ആരംഭിച്ച റോഡുപണികളുടെ നീളം 8 മൈൽ 4 ഫർലോങ്ങ് 250 അടിയാണ്. അവയുടെ ഒരു† ലിസ്റ്റ് മേശപ്പുറത്തുവച്ചിട്ടുണ്ട്.

(ബി) പ്രസ്തുതജോലികൾക്ക് 1964 ജനുവരി അവസാനം വരെ 1,11,727 ഉറുപ്പിക ചെലവായി.

(സി) ധനദൗർലഭ്യം കാരണം ഇപ്പോൾ നടത്തുവാൻ നിവൃത്തിയില്ല.

(ഡി) ഈ ജോലി ധനദൗർലഭ്യം കാരണം മാറ്റി വച്ചിരിക്കുകയാണ്.

(ഈ) ധനദൗർലഭ്യം കാരണം ഈ ജോലി ഇപ്പോൾ നടത്തുവാൻ നിവൃത്തിയില്ല.

ശ്രീ. സി. കെ. ബാലകൃഷ്ണൻ ; കിളിമാനൂർ-അടയമൺ-ചിങ്ങോലി റോഡിന്റെ വളവുകൾ തീർത്ത് മെറ്റൽ ചെയ്യുന്ന കാര്യം ആലോചിക്കുമോ ?

† Placed in the Library.

LIBRARY ARCHIVES Kerala Legislative Assembly